**നോർക്ക റൂട്ട്സ്**
നോർക്ക സെന്റർ
തൈക്കാട്, തിരുവനന്തപുരം-695014
ഫോൺ:0471-2770500,ഫാക്സ്.0471-2326263
വെബ്സൈറ്റ്.www.norkaroots.org.
ഇമെയിൽ. mail@norkaroots.org

22.09.2020

## പ്രവാസി സഹകരണസംഘങ്ങൾക്ക് നോർക്ക റൂട്ട്സ് മുഖേന ധനസഹായം

നോർക്ക റൂട്ട്സ് മുഖേന പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രവാസ ജീവിതം കഴിഞ്ഞ് തിരികയെത്തിയവരുടെ പുനരധി വാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് ഒറ്റത്തവണയായി ധനസഹായം നൽകുന്നത്.

മൂന്ന് ലക്ഷം രൂപവരെയാണ് ധനസഹായം നൽകുക. സഹകരണ സംഘങ്ങളുടെ അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ അഞ്ച് ഇരട്ടിക്ക് സമാനമായ തുകയോ അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപയോ ഏതാണോ കുറവ്, പ്രസ്തുത തുക ഷെയർ പാരിറ്റിയായും രണ്ട് ലക്ഷം രൂപ പ്രവർത്തന മൂലധനമായും നൽകും. അപേക്ഷിക്കുന്ന സമയത്ത് സംഘത്തിൽ 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. രജിസ്ട്രേഷന് ശേഷം രണ്ട് വർഷം പൂർത്തിയായിരിക്കുകയും വേണം. എ,ബി ക്ലാസ് അംഗങ്ങൾ പ്രവാസികൾ/തിരിച്ച് വന്നവരായിരിക്കണം. ബൈലായിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം. സംഘത്തിന്റെ മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കുകയും വേണം.

പൊതുജനതാൽപര്യമുള്ള ഉൽപാദന, സേവന, ഐ.ടി,തൊഴിൽ സംരംഭങ്ങൾ (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിടവ്യവസായം, മൽസ്യമേഖല, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം, സേവന മേഖല, നിർമ്മാണ മേഖല) എന്നിവയിലൂടെ കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാകുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് അല്ലെങ്കിൽ നിലവിലുള്ള സംരംഭങ്ങൾ മേൽപ്രകാരം തൊഴിൽ ലഭ്യമാകത്തക്കതരത്തിൽ വികസിപ്പിക്കുന്നതിനുമാണ് രണ്ട് ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നത്. സംഘം നേരിട്ട് നടത്തുന്ന സംരംഭങ്ങൾ സംഘത്തിലെ അംഗങ്ങൾ ഒറ്റക്കോ/കൂട്ടായോ നടത്തുന്ന സംരംഭങ്ങൾക്കാണ് എന്നിവയ്ക്കാണ് ധന സഹായം നൽകുക.

പൂരിപ്പിച്ച അപേക്ഷകൾ ആവശ്യരേഖകളായ ഭരണസമിതി തീരുമാനം, പദ്ധതി രേഖ, ഏറ്റവും പുതിയ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്, താൽകാലിക കടധനപട്ടിക എന്നിവയുടെ പകർപ്പു കൾ സഹിതം 2020 ഒക്ടോബർ 15 നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ് , 3ാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് : 1800 425 3939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശ ത്തുനിന്നും മിസ്ഡ്കാൾ സേവനം)

NORKA ROOTS

A Government of Kerala Undertaking

# പ്രവാസി സൊസൈറ്റികൾക്ക് ധനസഹായം നൽകുന്നതിനുള്ള അപേക്ഷ

1. സൊസൈറ്റിയുടെ പേര്

2. സൊസൈറ്റിയുടെ രജിസ്ട്രേഷൻ നമ്പർ

3. രജിസ്ട്രേഷൻ ചെയ്ത തീയതി

4. സൊസൈറ്റി ഏതു ജില്ലയിലാണ് രജിസ്ടർ ചെയ്തിരിക്കുന്നത്

5. സൊസൈറ്റിയുടെ ഫോൺ നമ്പരും, അധികാരിയുടെ മൊബൈൽ നമ്പരും

6. ആകെ അംഗങ്ങളുടെ എണ്ണം

7. എക്സിക്ക്യൂട്ടീവ് കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം

8. സൊസൈറ്റിയുടെ പ്രധാന ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ
   (200 വാക്കിൽ കവിയരുത്,
   അധിക ഷീറ്റ് ഉപയോഗിക്കാവുന്നതാണ്)

9. സൊസൈറ്റിയുടെ അംഗീകൃത ഓഹരി മൂലധനം

10. സൊസൈറ്റിയുടെ അടച്ചു തീർത്ത ഓഹരി മൂലധനം

11. പ്രവാസികളല്ലാത്തവർക്ക് സൊസൈറ്റിയുടെ എ/ബി ക്ലാസ് മെമ്പർഷിപ്പ് നൽകിയിട്ടുണ്ടോ – ഉണ്ട്/ഇല്ല
    (എ/ബി ക്ലാസ് അംഗങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുക)

12. സൊസൈറ്റിയുടെ നിയമാവലിയിൽ സർക്കാരിൽ നിന്നും ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്തയുണ്ടോ – ഉണ്ട്/ഇല്ല
    (നിയമാവലിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുക)

13. സൊസൈറ്റി മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ ഉണ്ട്/ഇല്ല

(മുകളിൽപ്പറഞ്ഞിരിക്കുന്ന വസ്തുതകളെല്ലാം എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്നും ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

തീയതി

**Authorised Signatory**

**Seal**

## പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം 2020-21

### മാർഗ്ഗ നിർദ്ദേശങ്ങൾ

### ആമുഖം

പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവാസീ കൂട്ടായ്മകളായ പ്രവാസി സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അവരെ സഹായിക്കേണ്ടത് സർക്കാർ ഉത്തരവാദിത്വമായി കാണുന്നു. ആയതിനാൽ ഇത്തരം സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

### ആനുകൂല്യം

ആകെ 3 ലക്ഷം രൂപ. രണ്ട് രീതിയിൽ ആനുകൂല്യം നൽകുന്നു.

- ഷെയർ പാരിറ്റി
- പ്രവർത്തന മൂലധന ഗ്രാന്റ്

- ഷെയർ പാരിറ്റി
  സൊസൈറ്റിയുടെ paid up capital ന്റെ 5 ഇരട്ടിക്ക് സമമായ തുകയോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപയോ എതാണോ കുറവ് ആ തുക ഷെയർ പാരിറ്റിയായി നൽകും.

നിബന്ധനകൾ

- അപേക്ഷ തീയതിയിൽ സംഘത്തിൽ കുറഞ്ഞത് 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കുകയും രജിസ്ട്രേഷനു ശേഷം കുറഞ്ഞത് 2 വർഷം പൂർത്തിയായിരിക്കുകയും വേണം
- എ,ബി,ക്ലാസ്സ് അംഗങ്ങൾ പ്രവാസികൾ/തിരിച്ചുവന്നവർ ആയിരിക്കണം
- ബൈലയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം
- സംഘത്തിന്റെ മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കണം

- പ്രവർത്തന മൂലധന ഗ്രാന്റ്

പൊതുജനതാല്പര്യമുള്ള ഉൽപാദന, സേവന, ഐറ്റി,തൊഴിൽ സംരംഭങ്ങൾ (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിടവ്യവസായം, ,മൽസ്യമേഖല, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം) സേവനമേഖല, നിർമ്മാണമേഖല എന്നിവയിലൂടെ കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് അല്ലെങ്കിൽ നിലവിലുള്ള സംരംഭങ്ങൾ മേൽപ്രകാരം തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതിന് രണ്ട് ലക്ഷം രൂപ പ്രവർത്തന മൂലധനം .ഇത് രണ്ട് രീതിയിലാണ് നൽകുന്നത്.

1. സംഘം നേരിട്ട് നടത്തുന്ന സംരംഭങ്ങൾ
2. സംഘത്തിലെ അംഗങ്ങൾ ഒറ്റയ്ക്കോ/ഗ്രൂപ്പായോ നടത്തുന്ന സംരംഭങ്ങൾ

അർഹത

- <u>സംഘം നേരിട്ട് നടത്തുന്ന സംരംഭം</u>

  - പ്രോജക്ട് റിപ്പോർട്ട് സംഘം തയ്യാറാക്കി നൽകണം
  - സംഘത്തിന്റെ മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കണം

- <u>സംഘത്തിലെ അംഗങ്ങൾ ഒറ്റക്കോ/ഗ്രൂപ്പായോ നടത്തുന്ന സംരംഭങ്ങൾ</u>

  - പ്രായോഗിക ക്ഷമതയുള്ള പ്രോജക്ടുകൾ അംഗങ്ങളിൽ നിന്നോ /ഗ്രൂപ്പുകളിൽ നിന്നോ അപേക്ഷ ക്ഷണിച്ച് വാങ്ങി സമർപ്പിക്കണം.
  - പരിശോധിച്ച് അംഗീകരിക്കുന്ന പ്രോജക്ടുകൾക്കുള്ള ധനസഹായം സംഘത്തിന് ഗ്രാന്റായി നൽകും.

- <u>അപേക്ഷ ഫോറം</u>

  അപേക്ഷഫോറം നോർക്ക റൂട്സ് **website norkaroots.org** നിന്നും **download** ചെയ്യാവുന്നതാണ്.

- <u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

  1. ഭരണസമിതി തീരുമാനം-സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന ഭരണസമിതി തീരുമാനം
  2. പ്രോജക്ട് റിപ്പോർട്ട്/സ്കീം
  3. ഏറ്റവും പുതിയ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്
  4. താൽകാലിക കടധനപട്ടിക

- <u>അപേക്ഷ സമർപ്പിക്കേണ്ട മേൽ വിലാസം</u>

  ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
  നോർക്ക-റൂട്സ്
  നോർക്ക സെന്റർ,3rd ഫ്ളോർ
  തൈക്കാട്,
  തിരുവനന്തപുരം

<u>അപേക്ഷ കവറിൽ ''പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം'' എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്</u>